ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 18.08.2024**

## പ്രധാനവാർത്തകൾ

1. **കൊൽക്കത്തെയിൽ യുവ വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൽ സുപ്രീം കോടതി സ്വമേധയാ കേസെടുത്തു.**

2. **ഏകദിന സന്ദർശനത്തിനായി കുവൈറ്റിലെത്തിയ കേന്ദ്ര വിദേശകാര്യമന്ത്രി എസ്. ജയശങ്കർ കുവൈറ്റ് കിരീടാവകാശിയുമായി കൂടിക്കാഴ്ച നടത്തി.**

3. **കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൻറെ ഓണം ഖാദി മേളയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് തുടക്കം കുറിക്കും.**

4. **സംസ്ഥാനത്തെ നഗരസഭകളിലെ ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾക്കായി 137.16 കോടി രൂപ കൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ.**

5. **സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

**************************************

## കൊൽക്കത്ത - സുപ്രീം കോടതി

കൊൽക്കത്തയിലെ ആർജി കർ മെഡിക്കൽ കോളജ് ആശുപത്രിയിൽ യുവവനിതാ ഡോക്ടറെ ബലാംത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ സുപ്രീം കോടതി സ്വമേധയാ കേസെടുത്തു. കേസിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ വിശദീകരണം നൽകണം. ചീഫ് ജസ്റ്റീസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ചൊവ്വാഴ്ച കേസ് പരിഗണിക്കും. ഈ മാസം ഒമ്പതിനാണ് യുവ ഡോക്ടറുടെ മൃതദേഹം ആശുപത്രിയിലെ സെമിനാർ ഹാളിനുള്ളിൽ കണ്ടെത്തിയത്. സംഭവം രാജ്യവ്യാപകമായി പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്, കേസിൽ ഉൾപ്പെട്ടവർക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് രാജ്യത്തുടനീളമുള്ള ഡോക്ടർമാർ സമരം നടത്തിയിരുന്നു. കേസിൽ സി ബി ഐ അന്വേഷണം പുരോഗമിക്കുകയാണ്. കസ്റ്റഡിയിലുള്ള കുറ്റാരോപിതൻ സഞ്ജയ് റോയിയുടെ മാനസിക നില സി ബി ഐ ഇന്ന് വിലയിരുത്തി.

RNU TVPM

*************************************

## ജയശങ്കർ - കുവൈറ്റ്

ഏകദിന സന്ദർശനത്തിനായി കുവൈറ്റിലെത്തിയ കേന്ദ്ര വിദേശകാര്യമന്ത്രി എസ്. ജയശങ്കർ കുവൈറ്റ് കിരീടാവകാശിയുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും കുവൈത്തും തമ്മിലുള്ള സൗഹൃദം നൂറ്റാണ്ടുകൾ പഴക്കമുള്ളതാണെന്ന് ശ്രീ ജയശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം ക്രമാനുഗതമായി വികസിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയും കുവൈറ്റും തമ്മിലുള്ള, വ്യാപാരം, നിക്ഷേപം, ഊർജം, സുരക്ഷ ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ കുവൈറ്റ് നേതൃത്വവുമായി കേന്ദ്രമന്ത്രി ചർച്ച നടത്തി.

************************************

## ഓണം ഖാദി മേള

കെ.എസ്.എഫ്.ഇ ഗാലക്സി ചിട്ടികളുടെ ശാഖാതല ഓണക്കോടി സമ്മാന വിതരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം നാളെ വൈകിട്ട് തിരുവനന്തപുരത്ത് അയ്യങ്കാളി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൻറെ ഓണം ഖാദി മേളയ്ക്കും മുഖ്യമന്ത്രി തുടക്കം കുറിക്കും. ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ അധ്യക്ഷത വഹിക്കും.

************************************

## കെ എൻ ബാലഗോപാൽ - നഗരസഭ

RNUTVPM

സംസ്ഥാനത്തെ നഗരസഭകൾക്ക് 137.16 കോടി രൂപ കൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ . ധനകാര്യ കമീഷന്റെ ആരോഗ്യ ഗ്രാന്റ് ഇനത്തിലാണ് തുക ലഭ്യമാക്കുന്നത്. നഗര ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾക്കായി തുക വിനിയോഗിക്കാം. തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ മാസം 1960 കോടി രൂപ കൂടി അനുവദിച്ചിരുന്നു.

************************************

## സുരേഷ് ഗോപി

മുല്ലപെരിയാർ അണക്കെട്ടിൻറെ സുരക്ഷ സംബന്ധിച്ച് ശാസ്ത്രീയ വശങ്ങൾ കണ്ടെത്തുവാൻ ഐഎസ്ആർഒ പോലുള്ള സ്ഥാപനങ്ങൾക്ക് കഴിയുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ദേശീയ ബഹിരാകാശ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം VSSC യിൽ

സംഘടിപ്പിച്ച സിമ്പോസിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുല്ലപ്പെരിയാർ അണക്കെട്ട് ഒരു ഭീതിയായി നിലനിൽക്കുകയാണെന്നും അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു.

************************************

## കാസർഗോഡ് - അദാലത്ത് - ഇൻട്രോ

സംസ്ഥാന മന്ത്രിസഭയുടെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് 100 ദിന പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന കാസർഗോഡ് ജില്ലാതല തദ്ദേശ അദാലത്ത് ഈ മാസം 30 ന്. മന്ത്രി എം.ബി രാജേഷിൻറെ നേതൃത്വത്തിലാണ് അദാലത്ത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ....**

(വോയ്സ്)

************************************

## പാലക്കാട് - ഗതാഗതം

അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ പാലക്കാട് നെല്ലിയാമ്പതി ചുരം റോഡിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. നാളെയും മറ്റന്നാളും രാവിലെ 10 മുതൽ വൈകീട്ട് 4 വരെ അത്യാവശ്യ വാഹനങ്ങൾ ഒഴികെ മറ്റു വാഹനങ്ങൾക്ക് ഇവിടെ നിരോധനമുണ്ടായിരിക്കുമെന്ന് ജില്ല കളക്ടർ അറിയിച്ചു.

************************************

RNU TVPM

## കേരള ടൂറിസം - പുരസ്കാരം

കേരള ടൂറിസത്തിന് ഐ.സി.ആർ.ടി ഗോൾഡ് അവാർഡ് ലഭിച്ചതായി മന്ത്രി പി.എ മുഹമ്മദ് റിയാസ് അറിയിച്ചു. പ്രാദേശിക സമൂഹത്തിന് തൊഴിൽ ലഭ്യമാക്കുന്ന വിഭാഗത്തിൽ ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങളാണ് പുരസ്കാരത്തിന് അർഹമായത്.

************************************

## കാലാവസ്ഥ

വരും ദിവസങ്ങളിൽ സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

************************************

## ഖനനം നിരോധിച്ചു

മഴ ശക്തമാകുമെന്ന മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ തിരുവനന്തപുരം ജില്ലയിൽ ഖനന പ്രവർത്തനങ്ങൾ നിരോധിച്ചു. മലയോരമേഖലകളിൽ ഉൾപ്പെടെ ശക്തമായ മഴ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ കടലോര- കായലോര- മലയോര മേഖലകളിലേക്കുള്ള അവശ്യസർവീസുകൾ ഒഴികെയുള്ള ഗതാഗതവും നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവിട്ടു.

************************************

## ഇടുക്കി - കാന്തല്ലൂർ ആപ്പിൾ - ഇൻട്രോ

ഇടുക്കി കാന്തല്ലൂരിൽ ഇത് ആപ്പിൾ വിളവെടുപ്പ് കാലം. മഴയുടെ ശക്തി കുറഞ്ഞതോടെ ആപ്പിൾ തോട്ടങ്ങളിലെ കാഴ്ചകൾ തേടി സഞ്ചാരികളും എത്തിതുടങ്ങി.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയാറാക്കിയ റിപ്പോർട്ട്...**

(വോയ്സ്)

************************************

## ആലപ്പുഴ ജില്ലാ പോലീസ് മേധാവി

ആലപ്പുഴ ജില്ലാ പോലീസ് മേധാവിയായി എം.പി മോഹന ചന്ദ്രൻ സ്ഥാനമേറ്റു. ദേശീയ സുരക്ഷാസേനയുടെ കമാൻഡോ പരിശീലനവും സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ പരിശീലനവും നേടിയ ഇദ്ദേഹം അന്വേഷണ മികവിനുള്ള കേരള ഡി.ജി.പി യുടെ ബാഡ്ജ് ഓഫ് ഓണറും മികച്ച സേവനത്തിന് കേരള മുഖ്യമന്ത്രിയുടെയും രാഷ്ട്രപതിയുടെയും പോലീസ് മെഡലുകളും നേടിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ നിലമ്പൂർ സ്വദേശിയാണ്.

RNU TVPM

************************************

## കണ്ണൂർ - ഇൻട്രോ

ഓണാഘോഷത്തോടനുബന്ധിച്ച് വ്യാജ മദ്യത്തിന്റെയും അനധികൃത മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും കള്ളക്കടത്തും വിപണനവും സംഭരണവും തടയുന്നതിന് എക്സൈസ് വകുപ്പ് കണ്ണൂർ ജില്ലയിൽ പരിശോധന ശക്തമാക്കി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....

(വോയ്സ്)

*************************************

## ശബരിമല - ഭസ്മകുളം

ശബരിമലയിൽ ഭസ്മകുളം മാറ്റി സ്ഥാപിക്കുന്നതിൻറെ ഭാഗമായി പുതിയ ഭസ്മകുളത്തിനായുള്ള തറക്കല്ലിടൽ ചടങ്ങ് നടന്നു. മകരജ്യോതി, ശബരി ഗസ്റ്റ് ഹൗസുകൾക്ക് സമീപമാണ് പുതിയ ഭസ്മക്കുളം. നിലവിലെ ഭസ്മക്കുളത്തിൽ മാലിന്യം നിറയുന്ന സാഹചര്യത്തിലാണ് പുതിയത് നിർമ്മിക്കാൻ തീരുമാനമെടുത്തത്.

*************************************

## നാടക ശില്പശാല

തോപ്പിൽ ഭാസിയുടെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസോസിയേഷൻ സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന നാടക ശില്പശാല നാളെ ആലപ്പുഴയിൽ തുടങ്ങും. രണ്ടുദിവസം നീണ്ടുനിൽക്കുന്ന പരിപാടി നാളെ ഉച്ചയ്ക്ക് ശേഷം സി പി ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്യും.

*************************************

## വേളാങ്കണ്ണി - ട്രെയിൻ

വേളാങ്കണ്ണി പെരുന്നാളിനോട് അനുബന്ധിച്ച് തിരക്ക് കുറയ്ക്കുന്നതിന് തിരുവനന്തപുരം-വേളാങ്കണ്ണി-തിരുവനന്തപുരം പ്രത്യേക ട്രെയിൻ സർവീസ് നടത്തും. ഈ മാസം 21, 28, അടുത്തമാസം 4 തീയതികളിൽ

RNU TVPM

തിരുവനന്തപുരത്തു നിന്ന് വേളാങ്കണ്ണിയിലേക്കും തൊട്ടടുത്ത ദിവസങ്ങളിൽ തിരിച്ചുമാണ് സർവീസ്.

************************************

## ഡ്രൈവിംഗ് സ്കൂൾ

മോട്ടോർ സൈക്കിൾ ഒഴികെയുള്ള ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾക്ക് സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റി ഏകീകൃത കളർ കോഡ് നടപ്പിലാക്കാൻ തീരുമാനിച്ചു. ആംബർ മഞ്ഞ നിറമാണ് തീരുമാനിച്ചിരിക്കുന്നത്. ഡ്രൈവിംഗ് പരിശീലനം നടത്തുന്ന വാഹനങ്ങൾ തിരക്കേറിയ നിരത്തിൽ വേഗത്തിൽ തിരിച്ചറിയാനും, പ്രത്യേക പരിഗണന ലഭിക്കാനും ഈ നിറം സഹായിക്കും. ഈ വർഷം ഒക്ടോബർ ഒന്നാം തീയതി മുതൽ തീരുമാനം നടപ്പിലാക്കാനാണ് നിർദ്ദേശം.

************************************

## നോർക്ക റൂട്ട്സ്

കേരളീയരായ പ്രവാസി വനിതകളുടെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് എൻ.ആർ.കെ വനിതാ സെല്ലിൽ ബന്ധപ്പെടാമെന്ന് നോർക്ക റൂട്ട്സ് അറിയിച്ചു. ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കോ അവരുടെ പ്രതിനിധികൾക്കോ ഹെൽപ്പ്ലൈനുമായി 24 മണിക്കൂറും ബന്ധപ്പെടാം. ഇന്ത്യയിൽ നിന്നും 18 00 42 53 939 എന്ന നമ്പരിലും വിദേശത്തു നിന്നും +91 88 02 01 23 45 എന്ന ടോൾ ഫ്രീ നമ്പരിലും വിവരങ്ങൾ അറിയിക്കാം.

****************************************************

************************************

**********************

RNU TVPM